പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2947 | 18.06.2019 ൽ മറുപടിക്ക്

## ഏറ്റുമാനൂർ-ചിങ്ങവനം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഏറ്റുമാനൂർ-ചിങ്ങവനം ഭാഗത്ത് റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) ഏറ്റുമാനൂർ ചിങ്ങവനം ഭാഗത്ത് റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് മുട്ടമ്പലം, പെരുമ്പായിക്കാട്, അതിരമ്പുഴ എന്നീ വില്ലേജുകളിലെ ഭൂമി ബാക്കി നിൽക്കുന്നു. പ്രസ്തുത വില്ലേജുകളിൽ ഡയറക്റ്റ്/നെഗോഷ്യബിൾ പർച്ചേസ് മുഖാന്തിരം ഏറ്റെടുക്കുവാൻ നിശ്ചയിച്ചിരുന്നുവെങ്കിലും കക്ഷികൾ രേഖ ഹാജരാക്കാത്തതിനാലും ഭൂമി വിട്ടു നൽകുവാൻ തയ്യാറാകാത്തതിനാലും LARR Act 2013 പ്രകാരം ഏറ്റെടുക്കുവാൻ SIA study ഉൾപ്പെടെ നിയമാനുസൃത നടപടിക്രമങ്ങൾ നടന്നു വരുന്നു. പ്രസ്തുത സ്ഥലങ്ങളുടെ 11(1) വിജ്ഞാപനം നിയമാനുസൃതം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആർ ആർ പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഡിക്ലറേഷൻ പരസ്യപ്പെടുത്തുന്നതിനും ബി വി ആർ അംഗീകരിക്കുന്നതിനും അവാർഡ് എൻക്വയറി നടത്തുന്നതിനും അടിയന്തിരമായി നടപടികൾ സ്വീകരിച്ചു വരുന്നു. നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയാൽ ഉടൻ ഭൂമി റെയിൽവേയ്ക്ക് കൈമാറുന്നതാണ്. |
| (ബി) ഇതിനായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ഭൂമി ഏറ്റെടുക്കലിനായുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ? | (ബി) മുളന്തുരുത്തി - ചെങ്ങന്നൂർ റെയിൽപാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് രണ്ടാം റീച്ചിൽ ഉൾപ്പെട്ട ഏറ്റുമാനൂർ മുതൽ ചിങ്ങവനം വരെ നാളിതുവരെ ഏറ്റെടുത്ത ഭൂമി 4.7402 ഹെക്ടർ ഇനി ഏറ്റെടുക്കുവാനുള്ളത് 4.3214 ഹെക്ടർ. ആയതിൽ 3.9872 ഹെക്ടർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ബാക്കി 0.3342 ഹെക്ടർ സ്ഥലം ലാൻഡ് ട്രാൻസ്ഫർ മുഖാന്തിരം ഏറ്റെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ